**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **27-07-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകർക്ക് ഏതൊക്കെ കൃഷികൾക്കാണ് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നത് ; | (എ) | കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം വൈദ്യുതി സൗജന്യത്തിനുള്ള അർഹത സംബന്ധിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു : i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ. ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ. iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ. iv) നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂ പരിധിയില്ല. |
| (ബി) | സംസ്ഥാനത്ത് ആകെ എത്ര കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ടെന്നും ആയതിൽ കൃഷിവകുപ്പ് പണം അടക്കുന്ന കണക്ഷനുകൾ എത്രയാണെന്നും വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ഇ.ബി. യുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് 30/06/2021 വരെ ആകെ 5,06,313 എണ്ണം കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ട്. കാർഷിക സൗജന്യ വൈദ്യുത പദ്ധതി പ്രകാരം കൃഷി വകുപ്പ് പണമടയ്ക്കുന്ന 2,63,883 കണക്ഷനുകളാണുള്ളത്. |

സെക്ഷൻ ഓഫീസർ